**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **24.01.2018 - ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 574**

**പ്രവാസി തൊഴിൽ സംരംഭങ്ങൾ**

| **ചോദ്യം**<br>**ശ്രീ. വി. അബ്ദു റഹിമാൻ** | **മറുപടി**<br>**ശ്രീ. എ. സി. മൊയ്തീൻ**<br>**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
|---|---|
| (എ) വിദേശത്തു നിന്നും മടങ്ങി യെത്തുന്ന വിവിധ നൈപുണ്യ മുള്ള പ്രവാസികൾക്ക് നാട്ടിൽ വ്യവസായ സംരംഭങ്ങൾ ഉറപ്പി ക്കാൻ നിലവിൽ എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) : വിദേശത്തുനിന്നും മടങ്ങിവരുന്ന പ്രവാസികൾക്കായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ വ്യവസായ വകുപ്പ് വിവിധ സംരംഭകർക്കായി നടപ്പാക്കുന്ന പദ്ധതികൾ ഇവർക്കും പ്രയോജന പ്പെടുത്താവുന്നതാണ്. |
| (ബി) വളരെക്കാലം വിദേശ കമ്പനികളിൽ ജോലിചെയ്ത് നൈപുണ്യം നേടി തിരിച്ചെ ത്തുന്നവരുടെ കഴിവുകൾ പ്രയോ ജനപ്പെടുത്തുന്ന തരത്തിൽ എന്തെങ്കിലും പ്രത്യേക പരി ഗണന നൽകി വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) : ഇത്തരത്തിൽ വ്യവസായ വകുപ്പ് വഴി സംരംഭങ്ങൾ തുടങ്ങുവാൻ നിലവിൽ സ്കീമുകൾ ഇല്ല. |
| (സി) പ്രവാസി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപ താത്പര്യം വർദ്ധി പ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാ മെന്ന് വ്യക്തമാക്കുമോ ? | (സി) : പ്രവാസി സംരംഭങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിനും നിക്ഷേപ താത്പര്യം വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് പ്രത്യേകം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത്. എല്ലാ ജില്ലകളിലും നിക്ഷേപക സംഗമം, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ